**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ ദേശീയപാതകളാണ് 2020-ൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്; എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം കൈമാറിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് NH 66,766,85,744 എന്നീ ദേശീയപാതകളാണ് 2020-ൽ NHAI ക്ക് കൈമാറിയിട്ടുള്ളത്. ഇത്തരത്തിൽ 2020 - ൽ കൈമാറിയ ദേശീയപാതകളുടെ ആകെ നീളം 943.009 കി.മീ. ആണ്. സംസ്ഥാനത്തെ 1182KM ദേശീയ പാത നിലവിൽ NHAI യുടെ അധീനതയിലാണ്. |
| (ബി) | പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് നിലവിൽ ചുമതലപ്പെട്ടിരിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | ദേശീയപാത അതോറിറ്റിയ്ക്ക് കൈമാറിയ ദേശീയപാതകളിൽ നിർമ്മാണം, കുഴി അടയ്ക്കൽ അറ്റകുറ്റപ്പണികൾ എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ദേശീയപാത അതോറിറ്റിയ്ക്കാണ്. ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ ശേഷം മേൽപ്പറഞ്ഞ ദേശീയപാതകളിൽ പൊതുമരാമത്ത് വകുപ്പിന് സ്വമേധയാ അറ്റകുറ്റപ്പണി നടത്താനാവില്ല. എന്നാൽ NHAI ക്ക് കീഴിലെ ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് NHAI യോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് NHAI ആവശ്യപ്പെട്ട്, ഫണ്ട് അനുവദിക്കുന്നതനുസരിച്ച് ചില പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തു നൽകിയിട്ടുണ്ട്. |
| (സി) | നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയതിനുശേഷം മേൽപ്പറഞ്ഞ ദേശീയപാതകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | ദേശീയപാത അതോറിറ്റിയ്ക്ക് കൈമാറിയ ദേശീയപാതകളിൽ നിർമ്മാണം, കുഴി അടയ്ക്കൽ അറ്റകുറ്റപ്പണികൾ എന്നിവയുടെ നിലവാരം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ദേശീയപാത |

| | | | | |
|---|---|---|---|---|
| | | | | അതോറിറ്റിയ്ക്കാണ്. ദേശീയപാതാ അതോറിറ്റിക കൈമാറിയ ശേഷം മേൽപ്പറഞ്ഞ ദേശീയപാതകളിൽ പൊതുമരാമത്ത് വകുപ്പിന് സ്വമേധയാ അറ്റകുറ്റപ്പണി നടത്താനാവില്ല. എന്നാൽ NHAI ക്ക് കീഴിലെ ദേശീയപാതയിലെ അറ്റകുറ്റപ്പണി നടത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് NHAI യോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് NHAI ആവശ്യപ്പെട്ട്, ഫണ്ട് അനുവദിക്കുന്നതനുസരിച്ച് ചില പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ